# വിഷയവിവരം


**1. ഭഗവദ്ഗീതയിലെ സമഗ്രതത്ത്വസന്ദേശം** 1

ഭഗവദ്ഗീത ശ്രേയ:പ്രതിപാദകം

ഭഗവദ്ഗീത സർവ ജിജ്ഞാസുക്കൾക്കും പ്രസക്തം

സർവ ശാസ്ത്രങ്ങളുടേയും ഉദ്ദേശം അന്തിമശ്രേയസ്സ്

ശാസ്ത്രമെന്നനിലയ്ക്ക് ഭഗവദ്ഗീത അന്തിമവും സമഗ്രവുമാണ്

**2. ശ്രദ്ധ ആത്മസാഫല്യത്തിനുള്ള താക്കോൽ** 11

ശ്രദ്ധ മൂന്നുവിധം

മനുഷ്യൻ ശ്രദ്ധയുടെ പരിണതരൂപം

ശ്രദ്ധ ആത്മാനുധാവനത്തിലെ കേന്ദ്രീകരണം

മൂന്നുവിധ ആരാധനയും പരിശീലനവും

തപസ്സ് സാത്ത്വികം രാജസം താമസം

മൂന്നുതലത്തിലുള്ള ഭക്ഷണപ്രിയങ്ങൾ

മൂന്നുതരത്തിലുള്ള യജ്ഞങ്ങൾ

തപസ്സ് - ശാരീരം വാചികം മാനസം

**3. ശ്രദ്ധ നിർണായകമായ അധ്യാത്മഘടകം** 29

മൂന്നുവിധ തപസ്സും തെളിച്ചവും

അശ്രദ്ധ അധ:പതനകാരണം

യജ്ഞവും ദാനവും തപസ്സും

**4. സംന്യാസം ഒരു താത്ത്വികസന്ദേശം** 39

ജീവിതദർശനം

സംന്യാസത്തിലൂടെ മനസ്സിനെ ശക്തീകരിയ്ക്കൽ

സംന്യാസവും ഉൾസ്വാതന്ത്ര്യവും

**5. അസംഗം പ്രബുദ്ധസമീപനം** 51

സംന്യാസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

സർവ പ്രവൃത്തികളും പാവനമാകട്ടെ

വ്രതാനുഷ്ഠാനങ്ങളിലും ദിവ്യപ്രവൃത്തികളിലും അസംഗം

**6. യഥാർഥ സംന്യാസം മനോഭാവപരിവർത്തനം** 61
താമസികത്യാഗം
രാജസിക സംന്യാസം അഥവാ ത്യാഗം
സാത്ത്വികത്യാഗം

**7. കർമഫലങ്ങൾ ഉപേക്ഷിയ്ക്കൽ ഉൾസമീപനം** 71
ജീവിതവ്യവഹാരങ്ങളിൽ അമൂർത്താത്മാവും നിർദ്വന്ദ്വതയും
ബാഹ്യസ്ഥൂലപ്രവൃത്തിത്യാഗം അസാധ്യം
പരിത്യാഗത്തിന്റെ ശരിയായ അർഥം
അഞ്ചാംഘടകമായ ദൈവത്തെ തിരിച്ചറിയൽ

**8. അകർതൃത്വം അഥവാ ഒന്നും ചെയ്യായ്ക** 81
നിർദ്വന്ദ്വത സാമഞ്ജസ്യത്തിന്റെ മാർഗം
അകർത്താവായ ആത്മാ
അകർതൃത്വത്തിലൂടെ നിർബാധിതത്വം

**9. ഗുണത്രയബോധത്താൽ സ്വശുദ്ധീകരണം - 1** 89
ജ്ഞാനം ജ്ഞേയം ജ്ഞാതാവ് എന്ന ത്രിവിധവിഭജനം
സ്വാത്ത്വികജ്ഞാനം
സൃഷ്ടിയുടെ ഏകാഗ്രത
താമസജ്ഞാനം

**10. ഗുണത്രയബോധത്താൽ സ്വശുദ്ധീകരണം - 2** 103
പ്രവൃത്തികൾ മൂന്നുവിധം
സാത്ത്വികപ്രവൃത്തി
രാജസപ്രവൃത്തി
താമസപ്രവൃത്തി
മൂന്നുതരത്തിലുള്ള കർത്താവ്
സാത്ത്വികകർത്താ
രാജസകർത്താ
താമസകർത്താ

**11. ഗുണത്രയബോധത്താൽ സ്വശുദ്ധീകരണം - 3** 115
ബുദ്ധിയുടെ ത്രിതലവിഭാഗം
സാത്ത്വികബുദ്ധി
വൈദികകർമാനുഷ്ഠാനത്തിന്റെ പരിമിതികൾ
രാജസബുദ്ധി
താമസബുദ്ധി

**12. ഗുണത്രയബോധത്താൽ സ്വശുദ്ധീകരണം - 4** 125
സാത്ത്വികധൃതി
ഇച്ഛാശക്തിസംസ്കരണം
രാജസധൃതി
താമസധൃതി

**13. ഗുണത്രയബോധത്താൽ സ്വശുദ്ധീകരണം - 5** 135
മൂന്നുവിധസന്തോഷം
സാത്ത്വികസുഖം
രാജസികസുഖം
താമസസുഖം

**14. ഗുണത്രയം ബന്ധിപ്പിയ്ക്കുംപോലെ മോചിപ്പിയ്ക്കുന്നു** 143
പ്രകൃതിയുടെ ത്രിവിധഭാവം
മതകർമഫലങ്ങളുടെ നശ്വരത
മൂന്ന് ഗുണങ്ങൾക്കും അപ്പുറം
ആത്മജ്ഞാനത്തിന്റെ സ്വാധീനം

**15. വൈവിധ്യവും പാരസ്പര്യവും പ്രകൃതിനീതം** 151
മനുഷ്യജീവിതത്തിലെ നാലുതരവിഭജനം
സമാജസംഗ്രഥനം വിഭജനമല്ല
ബ്രാഹ്മണലക്ഷണങ്ങൾ
ക്ഷാത്രസ്വഭാവലക്ഷണങ്ങൾ
വൈശ്യശൂദ്രസ്വഭാവവിശേഷങ്ങൾ

**16. സ്വകർമങ്ങളാൽ സമഗ്രാരാധന** 163
ശ്രദ്ധയോടെ പ്രവർത്തിച്ചാൽ സാഫല്യസിദ്ധി
സർവവ്യാപകസ്രോതസ്സിനെ ആരാധിയ്ക്കൽ
ഭക്ത്യനുധാവനത്തിലെ ഉയർച്ച
സ്വഭാവത്തോടിണങ്ങുന്ന പ്രവൃത്തികൾ
നിസ്സംഗതയും സ്വാതന്ത്ര്യവും, നൈഷ്കർമ്യസിദ്ധി
പ്രവൃത്തിനിരതതയിലും സ്വാതന്ത്ര്യവും സാഫല്യവും

**17. ജ്ഞാനത്തോടുള്ള അനന്യവ്യഗ്രത** 173
നൈഷ്കർമ്യസിദ്ധിയ്ക്കും അപ്പുറം
ജ്ഞാനനിഷ്ഠ (ജ്ഞാനത്തോടുള്ള പൂർണവ്യഗ്രത)
ഭഗവദ്ഗീത ജ്ഞാനശാസ്ത്രം
ബ്രഹ്മജ്ഞാനത്തിലേയ്ക്ക് നയിയ്ക്കുന്ന അച്ചടക്കങ്ങൾ
ജ്ഞാനഭക്തിസംയോജനം

**18. പരമതത്ത്വത്തിലുള്ള പൂർണവിശ്വാസം** 185
പരമതത്ത്വത്തെ പ്രാപിയ്ക്കാനുള്ള പിഴവറ്റ മാർഗം
പൂർണ ആശ്രയം വളർത്തിയെടുക്കൂ
പരമതത്ത്വത്തിന്റെ വൈഭവം മനസ്സിലാക്കൽ

**19. സംന്യാസം അഥവാ ത്യാഗം ഒഴിച്ചുകൂടാത്തത്** 193
സർവകർമങ്ങളേയും പരമതത്ത്വത്തിൽ അണയ്ക്കുക
വിശ്വാസത്തിൽനിന്ന് ത്യാഗത്തിലേയ്ക്ക്
പരമപ്രഭാവം സർവതടസ്സങ്ങളേയും അതിജീവിപ്പിയ്ക്കുന്നു

**20. ഭക്തിയുടെ വളർച്ച പാരമ്യത** 203
ഈശ്വരൻ സർവഹൃദയങ്ങളിലും വസിയ്ക്കുന്നു
ഭാവവികാരസമർപ്പണം
രഹസ്യം ജ്ഞാനാധിഷ്ഠിതം
വേദങ്ങൾ ജ്ഞാപകം കാരകമല്ല

**21. അത്യന്തഗഹനസന്ദേശം** 215

ഒളിഞ്ഞുകിടക്കുന്ന സത്യങ്ങൾ ചുരുളഴിയുന്നു

പരമതത്ത്വത്തിന്റെ ഭക്തനായിത്തീരൂ

ഗുരുശിഷ്യസാമഞ്ജസ്യം

പരമതത്ത്വത്തെ ആശ്രയിയ്ക്കുന്നതുതന്നെ പരമധർമം

ഗുരു നല്കുന്ന ഉറപ്പിലെ ശാശ്വതഭാവം

ധർമദ്വന്ദ്വാദികളെ അതിജീവിയ്ക്കൽ

**മാ ശുചഃ,** ദു:ഖിയ്ക്കരുത് - ഗീതയുടെ സന്ദേശം

**22. ഭഗവദ്ഗീതാ പ്രതിപാദനവും ശ്രവണവും രചിയ്ക്കുന്ന മഹത്വം** 231

അധ്യാത്മോപദേശം സ്വീകരിയ്ക്കാനുള്ള യോഗ്യത

ജ്ഞാനയജ്ഞത്തിന്റെ മികവും പ്രഭാവവും

ദത്തശ്രദ്ധമായ ശ്രവണമാണ് സാധന

**23. ഗുരുകൃപ അരുളുന്ന ആശയത്തെളിച്ചം** 241

സന്ദേശം - അധ്യാത്മദാർശനികശാസ്ത്രം

സംവാദത്തിന്റെ ഫലപ്രദത്വം

മോഹമാർജനമാണ് ഉപദേശത്തിന്റെ ഉദ്ദേശം

ഗുരുവിന്റെ കൃപാകടാക്ഷം

**24. ഭഗവദ്ഗീതയുടെ ശാശ്വതപ്രസക്തി** 249

മഹാഭാരതത്തിൽ ഭഗവദ്ഗീതയ്ക്കുള്ള സ്ഥാനം

ആദിശങ്കരന്റെ ദൗത്യം

സഞ്ജയന്റെ അഭിപ്രായങ്ങൾ

ഉപദേഷ്ടാവിന്റേയും അധ്യേതാവിന്റേയും വിജയം

ഉൾബോധത്തിൽ നിലകൊള്ളുന്നതത്രേ യോഗം

**അനുക്രമണിക** 259

# 2 ശ്രദ്ധ ആത്മസാഫല്യത്തിനുള്ള താക്കോൽ

കൃഷ്ണൻ അർജുനന്റെ ചോദ്യത്തിനു ചുരുങ്ങിയതോതിൽ എന്നാൽ അടിസ്ഥാനപരമായി മറുപടി പറയുന്നു. മനുഷ്യരാശി പ്രകടമാക്കുന്ന വിവിധ സ്വഭാവങ്ങളെ എങ്ങനെ നോക്കിക്കാണണം, അവർ ഭക്തിചര്യയിൽ വെളിപ്പെടുത്തുന്ന സ്നേഹവാത്സല്യതാദാത്മ്യങ്ങളെ എങ്ങനെയാണ് വിലയിരുത്തേണ്ടത്? അതുവഴി തത്ത്വജിജ്ഞാസുവിനു ശരി ഉൾക്കൊള്ളാനും തെറ്റു വർജിയ്ക്കാനും കഴിയുന്നതെങ്ങനെ?

ശാസ്ത്രവിധികളോടു കാര്യമായ പ്രതിബദ്ധതയില്ല, എന്നാൽ അധ്യാത്മതത്ത്വങ്ങളിൽ വേണ്ടത്ര ശ്രദ്ധയുണ്ടുതാനും. അത്തരക്കാരെ എങ്ങനെ പരിഗണിയ്ക്കണമെന്നും അർജുനന് അറിയണം.

ഇവിടെ അർജുനൻ പരാമർശിയ്ക്കുന്നതു പൊതുവെ മതപരമായ ചായ്‌വുകളില്ലാതെ, അധ്യാത്മതാത്പര്യങ്ങൾമാത്രം പുലർത്തുന്നവരെയാണ്. ആധ്യാത്മികത ഇത്തരം സാധകരേയും ഉൾക്കൊള്ളുന്നുവോ? ശാസ്ത്രങ്ങളോടു തീരെ പ്രതിബദ്ധതയില്ലാതെ, കനത്ത ആത്മികതാത്പര്യം ഉള്ളവർക്ക് അധ്യാത്മ നേട്ടങ്ങളോ മോചനമോ സിദ്ധിയ്ക്കുമോ?

**ശ്രദ്ധ മൂന്നുവിധം**

അർജുനന്റെ ചോദ്യങ്ങൾക്കു മറുപടിയായി കൃഷ്ണൻ മൂന്നുതരത്തിലുള്ള ശ്രദ്ധയെക്കുറിച്ചു വിശദമാക്കുന്നു.

**ത്രിവിധാ ഭവതി ശ്രദ്ധാ**
**ദേഹിനാം സാ സ്വഭാവജാ**
**സാത്ത്വികീ രാജസീ ചൈവ**
**താമസീ ചേതി താം ശൃണു**

**സത്ത്വാനുരൂപാ സർവസ്യ**
**ശ്രദ്ധാ ഭവതി ഭാരത**
**ശ്രദ്ധാമയോഽയം പുരുഷോ**
**യോ യച്ഛ്രദ്ധഃ സ ഏവ സഃ** (17.2,3)

ജീവികൾക്കു മൂന്നുവിധത്തിലാണ് ശ്രദ്ധ. അതു ജന്മനാ വന്നുചേരുന്നതാണ്; സാത്ത്വികം, രാജസം, താമസം. അതെന്തെന്നു കേൾക്കൂ. എല്ലാവരിലുമുള്ള ശ്രദ്ധ അവരവരുടെ അന്തർഘടനയെ ആശ്രയിച്ചു രൂപപ്പെടു

ന്നതാണ്. മനുഷ്യൻ ശ്രദ്ധയുടെ പരിണതരൂപംതന്നെ, ഒരുവന്റെ ശ്രദ്ധ യെന്തോ അതാകും അവൻ.

കൃഷ്ണന്റെ ഉത്തരം വളരെ അടിസ്ഥാനപരമാണ്, അതേസമയം സമഗ്രവും. ജനങ്ങൾ പ്രകടമാക്കുന്ന ശ്രദ്ധയും വിനിയോഗവും, കൃഷ്ണൻ പറയുന്നു, മൂന്നുതരത്തിലാണ്. ഓരോരുത്തരിലും കാണുന്ന വ്യത്യാസങ്ങൾ നൈസർഗികമാണ്, സഹജമാണ്. മുമ്പു ചർച്ചചെയ്ത വർണം പോലെയാണത്. പ്രകൃതിവിഭിന്നത അനിവാര്യമായതിനാൽ, പ്രകൃതിയിൽനിന്നു ജനിച്ച്, പ്രകൃതിയാൽ സംധാരണം ചെയ്യപ്പെടുന്ന എന്തിലും മൂന്നുതരത്തിലുള്ള ശ്രദ്ധ ഒഴിച്ചുകൂടാത്തതുതന്നെ.

കൃഷ്ണൻ അവയോരോന്നിനേയും നോക്കി വിലയിരുത്തുന്നു. ആരിലുമുള്ള ഗുണമോ സ്വഭാവവിശേഷമോ, മറ്റെന്തെങ്കിലും ആകട്ടെ, പ്രകൃതി പ്രദാനംചെയ്യുന്നതാണ്. സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നാണിവ. വേറൊരു ഭാഷയിൽ പറഞ്ഞാൽ, സൃഷ്ടിയിൽ കാണുന്ന സ്വഭാവവിശേഷം അവരവരുടെ ശ്രദ്ധയിലും കാണാം. അർജുനൻ അന്വേഷിയ്ക്കുന്നത് അതിനെപ്പറ്റിയാണ്.

**മനുഷ്യൻ ശ്രദ്ധയുടെ പരിണതരൂപം**

കൂട്ടത്തിൽ കൃഷ്ണൻ സുപ്രധാനമായ ഒന്നുകൂടി പ്രസ്താവിയ്ക്കുന്നു. ഓരോരുത്തന്റേയും ശ്രദ്ധ തന്റെ പ്രകൃതിയിൽനിന്ന്, ഉൾസംവിധാനത്തിൽനിന്ന്, തീരെ വ്യത്യസ്തമല്ല. വാസ്തവത്തിൽ ഓരോരുത്തനും അവനവന്റെ ശ്രദ്ധയെന്തോ അതുമാത്രമാണ്.

തന്റെ ശ്രദ്ധയിലൂടേയും അതിന്റെ വിനിയോഗത്തിലൂടേയുമാണ് ഓരോരുത്തനും വളരുന്നതും പ്രകടമാകുന്നതും. ജീവിതത്തിൽ എന്തെല്ലാമുണ്ടോ അതൊക്കെ ആനയിയ്ക്കുന്നത് അവരവരുടെ ശ്രദ്ധയാണ്.

**ശ്രദ്ധയുടെ തലവും തോതും അനുസരിച്ചാകും ഒരുവനിൽ ഉളവാകുന്ന യോഗ്യതയും കഴിവും. അവയുടെ പരിണതഫലമായി ഉണ്ടാവുന്ന പ്രയത്നശാലിത്വവും, തന്മൂലമുള്ള ഫലപ്രാപ്തിയും ശ്രദ്ധാനുസാരംതന്നെ.**

വസ്തു സചേതനമോ അചേതനമോ ആകട്ടെ, അതിനെ നോക്കിക്കാണുന്നതു കണ്ണുകളുടെ പ്രവൃത്തിയാണ്. കാഴ്ചയെ പിന്തുടരുന്നതിലാണ് വ്യത്യാസങ്ങളൊക്കെ സംഭവിയ്ക്കുന്നത്. എത്രത്തോളം നന്നായി, ആഴത്തിൽ, വ്യഗ്രതയോടെ, കാണുന്നുവെന്നതു കണ്ണുകളിൽ ഒതുങ്ങിനില്ക്കുന്ന ഗുണമല്ല.

ഉൾത്തലമാണല്ലോ കണ്ണുകളെ വിനിയോഗിയ്ക്കുന്നതുതന്നെ. മനസ്സും ബുദ്ധിയുമാണ് അതിനാൽ ഏതു കാഴ്ചയേയും നയിയ്ക്കുന്നത്. അവ

യാണ് സർവ വ്യത്യാസങ്ങളും വരുത്തുന്നതും.

ഒരേ വസ്തുവെ പലരും നോക്കിക്കാണുന്നു, പക്ഷേ അതേക്കുറിച്ചു വിവിധമായാണ് ഓരോരുത്തരും ചിന്തിച്ചു പ്രതികരിച്ചു ഭാവാന്വിതരാകുന്നത്. പ്രതികരണം, പഠനം, അപഗ്രഥനം, ഇങ്ങനെ പലതിനും കാഴ്ച കാരണമാകുന്നു. ഫലത്തിൽ ഇതെല്ലാംകൂടിയതാണ് ഓരോ കാഴ്ചയും. ഒരു പുഷ്പം കണ്ടു. അതിന്റെ പേര്, മണം, ഭംഗി, അതിലെ ഇതളുകൾ, ഇങ്ങനെയുള്ള വിശദാംശങ്ങൾ മനസ്തലത്തിലാണല്ലോ രൂപപ്പെടുന്നത്. അതിനാലാണ് കാഴ്ച വെറും കണ്ണു രചിയ്ക്കുന്നതല്ലെന്നു പറഞ്ഞത്.

വ്യത്യാസങ്ങൾ ഉൾത്തലമോ അഥവാ ഉൾവ്യക്തിത്വമോ ആണ് രചിയ്ക്കുന്നത്. ഇതു ശരിയ്ക്കും ഗ്രഹിയ്ക്കേണ്ടത് ആവശ്യമാണ്.

എല്ലാവരും ഒരേ ഭൂമിയിൽ ജനിയ്ക്കുന്നു, ഒരേ പഞ്ചഭൂതങ്ങളാൽ വലയം ചെയ്യപ്പെട്ടിരിയ്ക്കുന്നു. പുറമെയുള്ള കാഴ്ചകൾ എല്ലാവർക്കും തുല്യമാണ്; എന്നാലോ ഓരോ കാഴ്ചയും ഉളവാക്കുന്ന ചിന്താഭാവപ്രവാഹം ഒരുപോലെയല്ലതാനും.

ഇതിൽനിന്നാണ് മനുഷ്യന്റെ കഴിവിലും യോഗ്യതയിലും, എന്നുവേണ്ട മറ്റെല്ലാ തുറകളിലും കാണുന്ന വ്യത്യസ്തതകൾ നിക്ഷിപ്തം. മനുഷ്യർ പ്രകടമാക്കുന്ന ശ്രദ്ധയിലും വ്യഗ്രതയിലും അതിനാൽ ഗണ്യമായ വിഭിന്നതകൾ കാണാം.

ഗവേഷണം, അഭിവൃദ്ധി, പുരോഗമനം, പവിത്രത എന്നതൊക്കെ മനുഷ്യരുടെ ശ്രദ്ധയിലും വ്യഗ്രതയിലുമുള്ള വ്യത്യാസങ്ങളാണ് സൃഷ്ടിയ്ക്കുന്നത്.

അതുകൊണ്ട് കൃഷ്ണൻ തെളിച്ചുപറയുന്നതിനു വളരെയധികം അർഥമുണ്ട്. ഒരുവൻ തന്റെ ശ്രദ്ധയാലും വ്യഗ്രതയാലും രൂപപ്പെടുന്നവനാണ്. അർജുനൻതന്നെ ഈ വസ്തുത വേണ്ടത്ര ഉദാഹരിയ്ക്കുന്നു. യുദ്ധരംഗത്തേയും അവിടെ അണിനിരന്ന യോദ്ധാക്കളേയും നോക്കിക്കണ്ട ഉടനെ എന്തെല്ലാം വിചാരങ്ങളാണ് അർജുനന്റെ മനസ്സിൽ പാഞ്ഞുകയറിയത്. നാഡിഞരമ്പുകൾ തളർന്നു, സംശയങ്ങൾ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചു, യുദ്ധംചെയ്യില്ലെന്ന് ആ രണധീരൻ ശഠിച്ചുനിന്നു.

എത്ര ഞെട്ടിയ്ക്കുന്നതും വിജ്ഞാപകവുമാണ് ഭീഷ്മനേയും ദ്രോണനേയും കണ്ടപ്പോൾ ഉണ്ടായ പ്രതിസന്ധിയും നിസ്സഹായതയും. അതേസമയം അർജുനൻ ഭീഷ്മദ്രോണാദികളെ മഹാനുഭാവരായി പരിഗണിയ്ക്കുന്നുമുണ്ട്. മഹാനുഭാവർ അവരുടെ പെരുമാറ്റത്തിലും ധാർമികതയിലും മാതൃകാപരമായ മാനമഹിമകൾ ഉള്ളവരാണല്ലോ.

അപ്പോൾ അർജുനനിൽ ഉണ്ടായതു പെട്ടെന്നു പൊട്ടിമുളച്ച വിചാര

ഹീനമായ പ്രതികരണമല്ലേ. യുദ്ധം പ്രതീക്ഷിതംതന്നെ, അജയ്യരായ ഭീഷ്മനും ദ്രോണനും ദുര്യോധനപക്ഷത്തിൽ, അതും മുൻനിരയിലേ നില്ക്കൂ എന്നതും തീർച്ചയാണ്.അവരല്ലേ സൈന്യത്തെ നയിയ്ക്കേണ്ടത്. അപ്പോൾ എന്താണ് അവിടെ ഇത്രയധികം അദ്ഭുതപ്പെടാനോ ഭയപ്പെടാനോ കണ്ണീർവാർക്കാനോ ഉണ്ടായത്?

ഇത്തരം പരിണതവിധി ആർക്കും മുൻകൂട്ടി കാണാവുന്നതാണ്. എന്തുകൊണ്ട് അർജുനൻ അതു വിട്ടുപോയി? മുൻകൂട്ടി മനസ്സിലായിരുന്നെങ്കിൽ മനസ്സ് എന്തിന് ഇത്രയ്ക്കു സംശയവും ഭയവും മടിയും രചിച്ചു? ഭീഷ്മൻ ശംഖുവിളിച്ചതിനു പ്രതിധ്വനി കൃഷ്ണനും അർജുനനുമല്ലേ ആദ്യം മുഴക്കിയത്?

ഭീഷ്മനും ദ്രോണനും മാതൃകാപരരായ ധർമഭാസ്കരന്മാരല്ലേ, സദാചാരത്തിന്റേയും നീതിന്യായത്തിന്റേയും ഉത്തുംഗമൂർത്തികൾ, എപ്പോഴും ആരാധിച്ച് ആദരപൂർവം അനുകരിയ്ക്കേണ്ടവർ. അവരുടെ എതിർസൈന്യ നേതൃത്വം അർജുനനു യുദ്ധംചെയ്യാനുള്ള തുറന്ന സമ്മതമാണല്ലോ.

അവർക്കു ശരിയായിത്തോന്നുന്നത് അർജുനനു മറിച്ചാകയോ? അവരുടെ ശിഷ്യനല്ലേ പാർഥൻ. ഭയത്തിനും സംഘർഷത്തിനുംപകരം, ആദരാർഹരായ ഈ മഹാത്മാക്കളുടെ സാന്നിധ്യം അത്യുന്നതമായ ധർമതലവും പരമലക്ഷ്യവും അർജുനനിൽ ഉളവാക്കുന്നതല്ലേ ശരി, ഉചിതം? അവർക്കു സമ്മതമായ യുദ്ധം അവരുടെ ശിഷ്യനു മറിച്ചു തോന്നുന്നത് എങ്ങനെ?

യുദ്ധത്തിന്റെ സ്ഥാനവും ഔചിത്യവും മനസ്സിലാക്കി അതു സ്വീകരിച്ചു മുമ്പോട്ടുപോകേണ്ടതാണ്. പരമാവധി ഭീഷ്മദ്രോണാദികളിൽനിന്നോ, അല്ല, കൃഷ്ണനിൽനിന്നോ ആശയത്തെളിച്ചവും ദിശാബോധവും തേടാമായിരുന്നു, അത്രതന്നെ.

തീർച്ചയായും അർജുനന്റെ ദൃഷ്ടി ഗ്രഹണം പിടിപെട്ടു, സങ്കുചിതമായി. സ്ഥാനത്തും അസ്ഥാനത്തും അവസരത്തിലും അനവസരത്തിലും മനസ്സ് തൊടുത്തുവിടുന്ന നിസ്സാരവികാരങ്ങളേയും ഭാവങ്ങളേയും വിട്ട് ഉയരാൻ അർജുനൻ അശക്തനായി. അർജുനന്റെ നിരീക്ഷണവും അപഗ്രഥനവും വേണ്ടത്ര ഗാഢവും ശരിയും സമഗ്രവും ആയില്ല.

കൃഷ്ണൻ അർജുനന്റെ അവകാശങ്ങളേയും ദൃഷ്ടിയേയും തീരുമാനത്തേയും വിമർശനബുദ്ധ്യാ നിരാകരിച്ചതോടെ, പാർഥമനസ്സ് പുതിയ കാഴ്ചപ്പാട് ഉൾക്കൊള്ളാൻ തയ്യാറായി, ബുദ്ധി കൂടുതൽ കൂർത്തു യുക്തിനീതവും ഗവേഷണതത്പരവുമായി. അതുവരെ ഇല്ലാതിരുന്ന ശ്രദ്ധ അർജുനനിൽ പൊട്ടിമുളച്ചു, കൃഷ്ണന്റെ വീക്ഷണവും ദർശനവും നന്നേ ആസ്വാദ്യമായി.